**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **04-08-2021 - ൽ മറുപടിയ്ക്ക്**

**നോർക്കയുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസജീവിതം അവസാനിപ്പിച്ച് വരുന്നവർക്ക് നോർക്ക മുഖേന നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ; | (എ) | പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി ബാങ്കുകൾ മുഖേന പ്രവാസികളുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ, പുതിയ സംരംഭങ്ങൾ തുടങ്ങാനായി വായ്പകൾ നൽകി വരുന്നുണ്ട്. 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭക പ്രവാസികൾക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക-റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ച് വായ്പ ലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നോർക്കയുടെ പുനരധിവാസ പദ്ധതി പ്രകാരം ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് | (ബി) | നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ നൽകി വരുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യുണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് |

| | | | |
|---|---|---|---|
| | വായ്പ ലഭ്യമാകുന്നത്; വായ്പ പലിശ നിരക്ക് എത്രയാണ്; | | ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറ/ സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി /പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമവികസന സഹകരണ സംഘം (മലപ്പുറം), ഇന്ത്യൻ ഓവർസീസ് ബാങ്ക്, കേരള ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക്, ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് ധനകാര്യസ്ഥാപനങ്ങൾ. ധനകാര്യസ്ഥാപനത്തിന്റെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് പലിശനിരക്ക്, തിരിച്ചടവ് എന്നിവ നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവന്നവർക്ക് വായ്പ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | നിലവിൽ പ്രവാസി ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപനത്തിലേക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യവസായിക ലോണുകൾക്ക് പ്രാധാന്യം നൽകിയാണ് വായ്പകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ